3. സംഘത്തിന്റെ വിവിധ പ്രോജക്ടുകളായ, 'എന്റെ കുടുംബം എന്റെ ദൗത്യം', അന്നം-അൻപിൻകരം, ഉണർവ്വുയോഗങ്ങൾ, മിഷൻ ചലഞ്ച് കോൺഫറൻസുകൾ തുടങ്ങി സുവിശേഷത്തിന്റെ വളർച്ചയ്ക്കായി ചെയ്യുന്ന എല്ലാ പ്രവർത്തനങ്ങളെയും പ്രവർത്തകരെയും, സഹായിക്കുന്ന കരങ്ങളെയും ഓർത്ത് കരുണയുള്ള ദൈവമേ.....

**പ്രതിവാക്യം:** ***ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു.***

4. സംഘത്തിന്റെ സാമ്പത്തിക പ്രതിസന്ധികളുടെ മദ്ധ്യേ തക്കസമയത്ത് സഹായം എത്തിച്ചുതരുന്ന എല്ലാ വ്യക്തികൾക്കായും, ഇടവകകൾ, സെന്റർ, ഭദ്രാസനങ്ങൾ എന്നീ തലങ്ങളിൽനിന്നും ലഭിക്കുന്ന കരുതലിനെയും ഓർത്ത് കരുണയുള്ള ദൈവമേ.....

**പ്രതിവാക്യം:** ***ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു.***

### സമർപ്പണ പ്രാർത്ഥന

ഞങ്ങളുടെ കർത്താവും ദൈവവുമേ ഈ ശതാബ്ദി വർഷം പുതിയ തീരുമാനങ്ങളോടെ - പുതുബലം ധരിച്ച് - പുതിയ സാക്ഷ്യത്തോടെ ജീവിക്കുവാൻ ഞങ്ങളെ ഏൽപ്പിച്ചുതരുന്നു. ഞങ്ങളുടെ ദൈനംദിനജീവിതത്തിൽ വന്നു ഭവിച്ചിരിക്കുന്ന സത്യസന്ധതയില്ലായ്മയും - മാതൃകാപരമായി ജീവിക്കുന്നതിൽ വരുത്തിയ വീഴ്ചകളും ഞങ്ങൾ തിരിച്ചറിയുന്നു. - ജീവിതം എന്ന മഹത്തായ ദാനത്തെ അർത്ഥപൂർണ്ണമായി വിനിയോഗം ചെയ്യുന്ന ആത്മാർത്ഥതയുള്ള മനുഷ്യരാകുവാൻ ഞങ്ങളെ ശക്തീകരിക്കണമേ. - ഏകാഗ്രമായ വായന, ധ്യാനം, പ്രാർത്ഥന എന്നിവയിലൂടെ പക്വതയുള്ള ആളത്തത്തിലേക്ക് വളരുവാൻ ഞങ്ങളെ ശക്തീകരിക്കണമേ - ക്രിസ്തീയ മൂല്യങ്ങളുടെ സന്ദേശ വാഹകരും - അതിൻപ്രകാരം ജീവിക്കുന്നവരുമായിരിക്കുവാൻ ഞങ്ങളെ തിരുമുമ്പിൽ സമർപ്പിക്കുന്നു.

ആമേൻ.

# മാർത്തോമ്മ സന്നദ്ധ സുവിശേഷക സംഘം

# സംഘദിന ആരാധനക്രമം

## 2023 ഒക്ടോബർ 1 ഞായർ

(അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനി അംഗീകരിച്ചത്)

*"യഹോവയെ സ്തുതിപ്പിൻ എൻ മനമേ യഹോവയെ സ്തുതിക്ക ജീവനുള്ളെന്നും ഞാൻ യഹോവയെ സ്തുതിക്കും. ഞാൻ ഉള്ള കാലത്തോളം എന്റെ ദൈവത്തിനു കീർത്തനം ചെയ്യും" (സങ്കീ. 146: 1, 2)*

**പാട്ട്**

**കൗമ്മാ**

### പ്രാരംഭ പ്രാർത്ഥന

കരുണയുള്ള ദൈവമേ, കഴിഞ്ഞ ഒരു നൂറ്റാണ്ടുകാലം സന്നദ്ധ സുവിശേഷക സംഘമായി ക്രൈസ്തവസാക്ഷ്യം നിറവേറ്റാൻ കൃപ തന്നതിനായി നിനക്കു സ്തോത്രം. നിന്റെ നിസ്തുല സ്നേഹംകൊണ്ട് ഞങ്ങളെ സ്നേഹിക്കുകയും കരുണയോടെ കടാക്ഷിക്കുകയും ചെയ്തതിനായി സ്തോത്രം. അനുതാപഹൃദയത്തോടെ ഈ ആരാധനയിൽ ഞങ്ങൾ കൂടി വന്നിരിക്കുന്നു. സന്നദ്ധ സുവിശേഷക സംഘത്തിന്റെ പ്രവർത്തനങ്ങളെ സ്മരിക്കുന്ന ഈ ദിനത്തിൽ കഴിഞ്ഞ കാലങ്ങളിൽ നടത്തിയ വ്യത്യസ്ത വഴികളെ ഓർത്ത് ഹൃദയപൂർവ്വം ഞങ്ങൾ നിനക്ക് സ്തുതി സ്തോത്രങ്ങൾ അർപ്പിക്കുന്നു. ഞങ്ങളുടെ ഭാരങ്ങളുടെയും വേദനകളുടെയും മദ്ധ്യേ നിന്റെ സാന്ത്വനകരം ഞങ്ങളെ ആശ്വസിപ്പിക്കണമേ. സംഘത്തിന്റെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് പുതിയ ദർശനങ്ങൾ നൽകി കാലത്തിന്റ വെല്ലുവിളികളെ ഉൾക്കൊള്ളുവാൻ ശക്തീകരിക്കേണമേ. സകല നന്മകളുടെയും നിറവായ നിന്റെ പുത്രനായ ക്രിസ്തുവിന്റെ നാമത്തിൽ അപേക്ഷിക്കുന്നു കൃപയോടെ കേൾക്കേണമേ. ആമേൻ

### അനുതാപ പ്രാർത്ഥന

(നമുക്ക് അനുതാപഹൃദയത്തോടെ ദൈവത്തോട് അടുത്തുവരാം)

**ഗീതം :**

*"തള്ളയെപ്പോൽ നമുക്കുള്ളോരു രക്ഷകൻ*
*കൊള്ളക്കാരൻ പോലെ ക്രൂശിൽ തൂങ്ങി*
*ഉള്ളമുരുകുന്നെൻ ചങ്കുതകരുന്നെൻ*
*കണ്ണുനിറയുന്നെൻ രക്ഷകനേ".*

1. നിന്റെ സാക്ഷികളാകുവാനും നിന്നെ ആരാധിപ്പാനും നീ ഞങ്ങളെ വിളിച്ചിട്ടും, അതിനായി അവസരങ്ങളും ആരോഗ്യവും തന്നിട്ടും സ്വയത്തിൽ ആശ്രയിച്ചും മറുവാദങ്ങൾ പറഞ്ഞും ആരാധനയിൽ നിന്നും വിട്ടുനിന്നുപോയ കുറവുകളെ

പ്രതിവാക്യം : ***കർത്താവേ ദയതോന്നി ഞങ്ങളോട് ക്ഷമിക്കേണമേ.***

2. ജീവിതത്തിന്റെ ഭൗതികതയിൽ മാത്രം ആശ്രയിച്ചും, മനഃപൂർവ്വമായി നിന്നെ മറന്നും ഞങ്ങൾ ജീവിച്ചുപോയ കുറവുകളെ.

പ്രതിവാക്യം : ***കർത്താവേ ദയതോന്നി ഞങ്ങളോട് ക്ഷമിക്കേണമേ.***

3. ആവശ്യഭാരങ്ങളാൽ സങ്കടപ്പെടുന്ന ഞങ്ങളുടെ സഹോദരങ്ങൾ ഞങ്ങളുടെ അരികെയുണ്ടെന്നറിഞ്ഞിട്ടും, സാഹോദര്യം രക്തബന്ധ ങ്ങളിൽ മാത്രം പരിമിതപ്പെടുത്തി ജീവിക്കുകയും, സ്നേഹിതരെ നവമാധ്യമങ്ങളിൽ മാത്രം അന്വേഷിക്കുകയും ചെയ്ത് ഞങ്ങൾ, ഞങ്ങളിലേക്കുമാത്രം നോക്കി ജീവിച്ചുപോയ കുറവുകളെ.

പ്രതിവാക്യം : ***കർത്താവേ ദയതോന്നി ഞങ്ങളോട് ക്ഷമിക്കണമേ.***

4. ഓരോ മാർത്തോമ്മാക്കാരനും ഓരോ സുവിശേഷകനാണെന്ന റിഞ്ഞിട്ടും സുവിശേഷവേല പരിപൂർണ്ണമായി നിർവ്വഹിക്കുന്നതിനു സാധിക്കാതെ പോയ ഞങ്ങളുടെ കുറവുകളും ഞങ്ങളുടെ മക്കളെ ദൈവബോധത്തിലും സഭാസ്നേഹത്തിലും സുവിശേഷ തൽപര തയിലും വളർത്തുവാൻ കഴിയാതെ പോയതുമായ കുറവുകളെയും

പ്രതിവാക്യം : ***കർത്താവേ ദയതോന്നി ഞങ്ങളോട് ക്ഷമിക്കണമേ.***

## സ്തോത്ര പ്രാർത്ഥന

(ദൈവം ചെയ്ത എല്ലാ ഉപകാരങ്ങൾക്കും നമുക്ക് സ്തോത്രം ചെയ്യാം)

**ഗീതം :**

*"വൻകൃപയിലെന്നെ ഇന്നയോളം കാത്ത*
*ദൈവത്തിനു സ്തോത്രം ഇന്നുമെന്നേക്കും.*
*കണ്ണുനീർ തൂകുമ്പോൾ മനസ്സലിയുന്ന*
*ദൈവത്തിനു സ്തോത്രം ഇന്നുമെന്നേക്കും"*

1. കഴിഞ്ഞ ഒരു നൂറ്റാണ്ടുകാലം ദേശത്ത് പാർത്തു വിശ്വസ്തരായിരി പ്പാനും, സമർപ്പണത്തോടെ ശുശ്രൂഷ ചെയ്യുവാനും ദൈവം തെരഞ്ഞെടുത്ത എല്ലാ പ്രവർത്തകർക്കായും പ്രവർത്തനങ്ങളിൽ വ്യാപരിച്ച ദൈവകൃപയ്ക്കായും

പ്രതിവാക്യം: ***ദൈവമേ, ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.***

2. സംഘത്തിന്റെ ആരംഭനാളുകളിൽ കഠിനാധ്വാനം ചെയ്ത് ഈ സംഘത്തെ വളർത്തിയെടുത്ത ചുമതലക്കാർ, കമ്മറ്റി അംഗങ്ങൾ, സുവിശേഷകർ, മാതാപിതാക്കൾ എന്നിവരുടെ വിശ്വാസ തീക്ഷ്ണത യ്ക്കായും, അവർ പകർന്നുതന്ന ജീവിത മാതൃകകൾക്കായും

പ്രതിവാക്യം: ***ദൈവമേ, ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.***

3. സംഘത്തിന്റെ പ്രവർത്തന സരണികളെ സചേതനമാക്കുന്ന പ്രാദേശിക ഇടവക മിഷൻ, സെന്റർ-ഭദ്രാസന-കേന്ദ്ര തലങ്ങൾ, മിഷൻ കേന്ദ്രങ്ങൾ, സഭയെ നയിക്കുന്ന അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ, സംഘം പ്രസിഡന്റ് അഭിവന്ദ്യ ഡോ. ഗ്രീഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്ക്കോപ്പാ, സഫ്രഗൻ മെത്രാപ്പോലീത്താമാർ, മറ്റ് എപ്പിസ്കോപ്പാമാർ, ഇതര ചുമതലക്കാർ തുടങ്ങിയ എല്ലാവരിലൂടെയും വ്യാപരിക്കുന്ന ദൈവകൃപയ്ക്കായി

പ്രതിവാക്യം: ***ദൈവമേ, ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.***

4. സംഘത്തിന്റെ മിഷൻ കേന്ദ്രങ്ങളായ അച്ചൻകോവിൽ, മുക്കട, കൽക്കുളം, സുന്ദര പാണ്ഡ്യപുരം, സുരണ്ടെ എന്നിവിടങ്ങളിൽ നടക്കുന്ന പ്രവർത്തനങ്ങൾക്കായും അവിടെ പ്രവർത്തിക്കുന്ന സുവി ശേഷകർ, കൊമ്പാടി എ.എം.എം ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് വിദ്യാർത്ഥി കൾ, ഗോസ്പൽ ടീം, ധ്യാനകേന്ദ്രം ഇവയിലൂടെ നിർവഹിക്കപ്പെടുന്ന ധന്യശുശ്രൂഷകൾക്കായി.

പ്രതിവാക്യം: ***ദൈവമേ, ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.***

## മദ്ധ്യസ്ഥ പ്രാർത്ഥന

(മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്കായി നമുക്ക് ഹൃദയങ്ങളെ ഏകാഗ്രമാക്കാം)

*"പ്രാർത്ഥന കേൾക്കണമേ കർത്താവേ എൻ യാചന നൽകണമേ..."*

1. മാർത്തോമ്മാ സഭയ്ക്കുവേണ്ടി പ്രാർത്ഥിക്കാം. അഭിവന്ദ്യ മെത്രാപ്പോ ലീത്താ തിരുമേനി, സഫ്രഗൻ മെത്രാപ്പോലീത്താ തിരുമേനിമാർ, മറ്റ് എപ്പിസ്കോപ്പാമാർ, വികാരി ജനറാൾമാർ, പട്ടക്കാർ, സുവിശേഷ കർ, സന്നദ്ധപ്രവർത്തകർ, സംഘം ചുമതലക്കാർ മാനേജിംഗ് കമ്മറ്റിയംഗങ്ങൾ, സഭാ മക്കൾ എന്നിവർക്കായ് ദൈവമേ,

പ്രതിവാക്യം: ***ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു.***

2. സംഘത്തിന്റെ ശതാബ്ദിയുമായി ബന്ധപ്പെട്ടു നടക്കുന്ന എല്ലാ കർമ്മ പരിപാടികളെയും, വിശിഷ്യാ ജീവകാരുണ്യ പ്രവർത്തനങ്ങൾ, വിവിധ സഹായ പദ്ധതികൾ എന്നീ പ്രവർത്തനങ്ങൾക്കായി. ദൈവമേ....

പ്രതിവാക്യം: ***ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു.***